# പലിശ

> "ജനങ്ങൾ പലിശ ഭക്ഷിക്കുന്ന ഒരു കാലം വരും. അപ്പോൾ ആരോ ചോദിച്ചു: ജനങ്ങൾ എല്ലാവരും തിന്നുമോ പ്രവാചകരേ? തിരുമേനി പറഞ്ഞു: ഭക്ഷിക്കാത്തവനെ അതിന്റെ ധൂളിയങ്കിലും ബാധിക്കും."

ധനവ്യവസായം പൊടിപൊടിക്കുകയും ബ്ലേഡുകൾ പുതിയ വേഷങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന കാലമാണിത്. ജനത്തിന് ആശ്വാസമല്ല, ജീവശ്വാസം പോലും നിഷേധിക്കുകയാണ് അവയിൽ പലതും ചെയ്യുന്നത്. കടബാധ്യതയാൽ ആത്മഹത്യകൾ പതിവായ കേരള സാഹചര്യത്തിൽ അവയുടെ അപകടം പെട്ടെന്ന് ബോധ്യമാകും.

## ബാങ്കിംഗ്, പലിശ

ബാങ്കിംഗ്, പലിശ എന്നിവ ഇടപാടുകളിൽനിന്ന് മാറ്റിനിർത്താനാകാത്ത സംവിധാനങ്ങളായി മാറിയിരിക്കുന്നു. രാജ്യങ്ങളുടെയും വ്യക്തികളുടെയും സമ്പദ്ഘടനയിൽ ബാങ്കുകളുടെ സ്ഥാനം നിർണായകമാണ്; പലപ്പോഴും പലിശയുമായി ബന്ധപ്പെട്ട ഇടപാടുകളുടെയും. അറിഞ്ഞോ അറിയാതെയോ നിർബന്ധിതമായോ പലിശയുമായി ബന്ധപ്പെടേണ്ടി വരുന്ന ഒരു കാലഘട്ടമാണിത്.

പലിശയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകി പ്രവാചകൻ മുഹമ്മദ് അരുളി: ജനങ്ങൾ പലിശ ഭക്ഷിക്കുന്ന ഒരു കാലം വരും. അപ്പോൾ ആരോ ചോദിച്ചു: ജനങ്ങൾ എല്ലാവരും തിന്നുമോ പ്രവാചകരേ? തിരുമേനി പറഞ്ഞു: ഭക്ഷിക്കാത്തവനെ അതിന്റെ ധൂളിയെങ്കിലും ബാധിക്കും.

## ബാങ്ക്: മുതലാളിത്തത്തിന്റെ ഉൽപന്നം

മുച്ചൂടും പലിശയെന്ന ചൂഷണോപാധിയിൽ അധിഷ്ഠിതമായ സാമ്പത്തികവ്യവസ്ഥയാണ് ഇന്ന് ലോകത്തെ അടക്കിഭരിക്കുന്നത്. മുതലാളിത്തത്തിന്റെ ഈ ചൂഷണോപാധി മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും ചൂഴ്ന്നുകഴിഞ്ഞു. ആധുനികലോകം അഭിമുഖീകരിച്ച സാമ്പത്തികപ്രതിസന്ധിയിൽ മാത്രമാണ് ലോകം ഈ ചൂഷണോപാധിയുടെ കെടുതിയെ സംബന്ധിച്ചു ചിന്തിച്ചു തുടങ്ങിയത്.

അമേരിക്ക പോലുള്ള രാജ്യങ്ങൾക്ക് പലിശ ഒരു ചൂഷണോപാധികൂടിയാണ്. ദരിദ്ര രാജ്യങ്ങളാണ് മിക്കപ്പോഴും അതിന്റെ ഇരകളാകാറുള്ളത്. അതിനെതിരെയുള്ള നീക്കങ്ങൾ മുതലാളിത്ത രാജ്യങ്ങൾക്ക് രുചിക്കില്ല.

ബാങ്കിന്റെ ഈ ദൂഷ്യങ്ങളെ സംബന്ധിച്ച് ലോകരാഷ്ട്രങ്ങളൊക്കെ ബോധമുള്ളവയാണെങ്കിലും മുതലാളിത്ത ആശയങ്ങളും നയങ്ങളുമാണ് പലിശയെ താങ്ങിനിർത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത്. അതിനെ എതിർക്കുന്ന വിഷയത്തിൽ ഭൗതിക പ്രത്യയശാസ്ത്രങ്ങളൊക്കെ മൗനം പാലിക്കുകയാണ് ചെയ്യുന്നത്.

## പലിശ: അൽപം ചരിത്രം

അമേരിക്കയിലും യൂറോപ്യൻ നാടുകളിലുമാണ് പലിശ ആദ്യമായി നടപ്പിലായത്. മതത്തിലധിഷ്ഠിതമായ ചിന്തകളും പ്രവർത്തങ്ങളും സ്വാധീനിച്ചിരുന്നതിനാലും അവയുടെ വിശേഷിച്ച് ഇസ്ലാമിന്റെ എതിർപ്പ് കാര്യമായി നേരിട്ടതിനാലും 16ാം നൂറ്റാണ്ടുവരെ യൂറോപ്പിൽ പലിശ ഫലപ്രദമായി തടയപ്പെട്ടിരുന്നു. എന്നാൽ 16ാം നൂറ്റാണ്ടോടെ യൂറോപ്പിൽ ഇസ്ലാമിന്റെ ശക്തി ക്ഷയിക്കുകയും ബാഹ്യമായ പലതരത്തിലുള്ള സ്വാധീനങ്ങളും ശക്തമാകുകയും ചെയ്തതോടെ പാശ്ചാത്യസമൂഹം പലിശയുടെ കാര്യത്തിൽ എടുത്തിരുന്ന നിയന്ത്രണം എടുത്തുകളയുകയാണ് ചെയ്തത്. പകരം അപകടം കൂടിയതും (യൂഷറി) കുറഞ്ഞതും (ഇൻസ്റ്റന്റ്) എന്നിങ്ങനെ പലിശയെ രണ്ടായി തരം തിരിക്കുകയും അപകടം കൂടിയതിനെ വിലക്കുകയും ചെയ്തുകൊണ്ടാണ് പലിശയെ വ്യാപാരവത്കരിച്ചത്.

പലിശയിൽ അധിഷ്ഠിതമായ സാമ്പത്തികവ്യവസ്ഥ വ്യാവസായികവിപ്ലവത്തോടെ കൂടുതൽ ശക്തി പ്രാപിച്ചു. അതോടെ യൂറോപ്പ് അതിന്റെ ഇതര കോളനികളിലേക്കും പലിശയെ വ്യാപിപ്പിച്ചു. തുടർന്ന് ഏതാനും നൂറ്റാണ്ടുകളിൽ പലിശയിലധിഷ്ഠിതമായ ബാങ്കുകൾ പല രാജ്യങ്ങളിലും നിലവിൽ വന്നു. സാമ്പത്തികമായ സ്വയം പര്യാപ്തി കൈവരിച്ച രാജ്യങ്ങൾ പോലും ഈ വ്യവസ്ഥയിൽ കൂടുതൽ ഉറച്ചുനിൽക്കുകയാണുണ്ടായത്. ഇന്നും അതിന്റെ കെടുതികളാണ് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

### തകരാറുകൾ

നിക്ഷേപകരുടെയും വായ്പയെടുക്കുന്നവരുടെയുമൊക്കെ താൽപര്യങ്ങളോട് നീതിപുലർത്താനാകാത്ത വിധം പരസ്പ വിരുദ്ധമായാണ് ബാങ്കുകളുടെ താൽപര്യങ്ങൾ നിലനിൽക്കുന്നത്.

വായ്പയെടുക്കുന്നവരിൽനിന്ന് നിശ്ചിത സംഖ്യ പലിശയായി കിട്ടണമെന്ന് ബാങ്കിന് വ്യവസ്ഥയുണ്ട്. വായ്പയെടുത്തു നടത്തുന്ന ബിസിനസ്സ് ലാഭമായാലും നഷ്ടമായാലും നിക്ഷേപകനും ബാങ്കിനും അത് പ്രശ്നമല്ല. നിക്ഷേപകൻ ബാങ്കിൽ പണം നിക്ഷേപിക്കുന്നതുതന്നെ നിശ്ചിത സംഖ്യ ലാഭം ലഭിക്കുമെന്ന ബാങ്കിന്റെ ഉറപ്പിലാണല്ലോ. വായ്പയെടുക്കുന്നവന്റെ സാധ്യതയെയോ അവസ്ഥയേയോ പ്രായോഗികവശങ്ങളെയോ ലാഭ-നഷ്ടസാധ്യതകളെയോ, വായ്പയെടുത്തവന്റെ ആരോഗ്യസ്ഥിതിയേയോ, ഉൽപന്നത്തിന്റെ മാർക്കറ്റിനേയോ ബാങ്ക് കണക്കിലെടുക്കുന്നില്ല. അതിന് ലഭിക്കാ

ന്നുള്ള പണത്തിലാണ് അതിന്റെ കണ്ണ്. പണം തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യം വരുന്നതോടെ വായ്പയെടുത്തവൻ കുറുക്കുവഴികൾ തേടുന്നു. പെരുകുന്ന ആത്മഹത്യകൾ ഈ ദൂഷ്യത്തിന്റെ ഫലമാണ്. വായ്പ അപേക്ഷിച്ചവനെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിൽ അവൻ പണം തിരിച്ചടക്കാൻ കഴിയാത്തവനാണെന്ന് ബാങ്കിന് ബോധ്യപ്പെട്ടാൽ അയാൾക്ക് വായ്പ നിഷേധിക്കുകയാണ് പതിവ്.

## പലിശയുടെ ദോഷഫലങ്ങൾ

> കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ രാജ്യം അതിന്റെ ബജറ്റിന്റെ 20 ശതമാനവും ചെലവഴിക്കുന്നത് പലിശയടക്കുവാനാകുന്നു. മൊത്തം ചെലവിന്റെ 20 ശതമാനം

രാഷ്ട്രങ്ങളുടെയും വ്യക്തികളുടെയും വളർച്ചക്ക് ഏറെ വിഘാതമാണ് പലിശ. അത് ഒരേ സമയം വ്യക്തിയെയും രാഷ്ട്രത്തെയും കടക്കെണിയിൽ വീഴ്ത്തുന്നു. മൂന്നാംലോകത്തെ ഓരോ രാജ്യവും അതിന്റെ വരുമാനത്തിന്റെ ഏറെ പങ്കും ദേശീയകടം തീർക്കാനാണ് ഉപയോഗിക്കുന്നത്. ഈ രീതിയിൽനിന്ന് വ്യക്തികളും മുക്തരല്ല. പലിശക്ക് കടം വാങ്ങി കടം വീട്ടേണ്ട ഗതികേടാണ് പലരും നേരിടുന്നത്. തീരാത്ത പലിശ തീർക്കാനുള്ള ഭാരം ഒരുഭാഗത്ത്. മറുഭാഗത്ത് പലിശ സൃഷ്ടിച്ച സാമ്പത്തിക അസന്തുലിതത്വം വരുത്തിവെച്ച ക്രമക്കേടുകൾ കാരണമായി ധനം ഏതാനും വ്യക്തികളിൽ ഒതുങ്ങുകയും ചെയ്യുന്നു.

വിഭവങ്ങളുടെ ദുരുപയോഗം പലിശവ്യവസ്ഥയുടെ വിനകളിൽ പെട്ടതാകുന്നു. ബാങ്കിൽനിന്നെടുക്കുന്ന കടം വീടണമെങ്കിൽ ഒരേ സമയം വായ്പയിലേക്കും പലിശയിലേക്കും പണം എത്തേണ്ടതുണ്ട്. ഈ വ്യഗ്രതയിൽ ഉൽപന്നങ്ങൾ ശരിയായ രീതിയിൽ വിക്രയം ചെയ്യുകയും ജനോപകാരപ്രദമായ വിഭവങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിനു പകരം എളുപ്പം വിറ്റഴിക്കപ്പെടുകയും ഉയർന്ന ലാഭം നേടിത്തരികയും ചെയ്യുന്ന നിലവാരം കുറഞ്ഞതും എന്നാൽ ഉയർന്ന വിലനിലവാരത്തിലുള്ളതുമായ സാധനങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു.

പണമുള്ളവർ അധ്വാനം കൂടാതെ പണം ഇരട്ടിപ്പിക്കാൻ ചെയ്യുന്ന കുതന്ത്രം കൂടിയാണ് പലിശ. കടമെടുക്കുന്നവൻ പരമാവധി അധ്വാനിക്കണം. മുതൽ കടമായി നൽകിയവനാകട്ടെ അധ്വാനത്തിന്റെ ബുദ്ധിമുട്ടോ ബിസിനിസിന്റെയോ അവസ്ഥയോ നോക്കാതെ തന്റെ ധനം പലിശയടക്കം സമയാസമയങ്ങളിൽ തിരിച്ചുകിട്ടണമെന്ന സമീപനത്തിലുമായിരിക്കും. ഇത് മുതലാളിത്തത്തിന്റെ നേർക്കുനേരെയുള്ള ഉൽപന്നമാണ്. ഖുർആൻ ഇത് അനുവദിക്കുന്നില്ല.

പലപ്പോഴും വ്യക്തികളുടെ ബിസിനസ്സും ഇടപാടുകളും രാഷ്ട്രങ്ങളുടെ വികസനപദ്ധതികളും പലിശവ്യവസ്ഥയെ അവലംബിച്ചാണ് നടക്കുന്നത്.

പലിശനിരക്കും പലിശവ്യവസ്ഥയും കൂടുന്ന ഘടനയിൽ മൂലധന നിക്ഷേപം കുറയുന്നുവെന്നത് പലിശ സൃഷ്ടിക്കുന്ന വിനയാണ്. നിക്ഷേപം കുറയുകയെന്നതിനർഥം തൊഴിലവസരവും ഉൽപാദനവും കുറയുകയും വരുമാനം ഇല്ലാതാകുകയും ചെയ്യുകയെന്നാണ്. അത്, ദാരിദ്ര്യത്തെ വളർത്തിക്കൊണ്ടുവരുന്നു. ദാരിദ്ര്യത്തിൽനിന്ന് മോചനം നേടാൻ വീണ്ടും പലിശയെ സമീപിക്കേണ്ടിവരുന്നു. അതാകട്ടെ പലിശയെ വളർത്തുകയാണ് ചെയ്യുക.

പലിശ സാമ്പത്തിക മേഖലയെ ചൂഷണത്തിന്റെയും അസംതുലിതത്വത്തിന്റെയും അനീതിയുടെയും ദൂഷിതവലയത്തിൽ കെട്ടിയിടുകയാണ് ചെയ്യുന്നത്. അഥവാ, ചൂഷണത്തിലധിഷ്ഠിതമായ വ്യവസ്ഥയാണ് പലിശ. കാരണം, അവശത അനുഭവിക്കുന്ന ദരിദ്രന്റെ നിവൃത്തിയില്ലായ്മയാണ് അതിന്റെ കൈമുതൽ.

പ്രത്യുൽപാദനക്ഷമത പലിശവ്യവസ്ഥയുടെ നേർവിപരീമാണ്. കൂടുതൽ ഉൽപാദനം സാമ്പത്തികരംഗത്തെ സമ്പന്നമാക്കുകയും കടം ആവശ്യമില്ലാതെ വരികയും ചെയ്യും. അതാകട്ടെ പലിശയുടെ നിലനിൽപിനു തന്നെ അപകടമായതിനാൽ പലിശ ഉൽപാദനത്തെ നിഷ്ക്രിയമാക്കാനാണ് എപ്പോഴും ശ്രമിക്കുക.

## ഇതര ദർശനങ്ങളിൽ

ദൈവത്തിൽനിന്നവതീർണമായ എല്ലാ നിയമവ്യവസ്ഥകളിലും പലിശ വിരോധിച്ചതായി കാണാം.
''സത്യവിശ്വാസികളേ, നിങ്ങൾ കുമിഞ്ഞുകൂടുന്ന പലിശ ഭക്ഷിക്കരുത്. അല്ലാഹുവെ ഭയപ്പെടുക. നിങ്ങൾ വിജയിച്ചേക്കാം. സത്യനിഷേധികൾക്കു വേണ്ടി തയാറാക്കിയ നരകാഗ്നിയിൽനിന്ന് നിങ്ങൾ രക്ഷ നേടുക.'' (ഖുർആൻ അധ്യായം 3: 130-131.)
''അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുവിൻ, പലിശയിനത്തിൽ ജനങ്ങളിൽനിന്നു കിട്ടാൻ ബാക്കിയുള്ളതൊക്കെയും ഉപേക്ഷിക്കുവിൻ-നിങ്ങൾ യഥാർഥ വിശ്വാസികൾ തന്നെയാണെങ്കിൽ. അപ്രകാരം ചെയ്യുന്നില്ലെങ്കിലോ, എങ്കിൽ, അല്ലാഹുവിങ്കൽനിന്നും അവന്റെ ദൂതനിൽനിന്നും നിങ്ങൾക്കെതിരിൽ യുദ്ധപ്രഖ്യാപനമുണ്ടെന്നറിഞ്ഞുകൊൾവിൻ. ഇനി പശ്ചാത്തപിക്ക (പലിശ വർജിക്ക)യാണെങ്കിൽ സ്വന്തം മൂലധനം തിരിച്ചെടുക്കാവുന്നതാകുന്നു; നിങ്ങൾ അക്രമം പ്രവർത്തിക്കാതെയും അക്രമിക്കപ്പെടാതെയും. നിങ്ങളുടെ കടക്കാരൻ ഞെരുക്കത്തിലാണെങ്കിൽ അയാൾക്കു ക്ഷേമമാകുന്നതുവരെ അവധി കൊടുക്കുക. അതു ദാനമായി നൽകുന്നതാണ് ഏറെ ഉത്തമം-നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ.'' (2: 278-281)

> പലിശ വാങ്ങലും കൊടുക്കലും ഇസ്‌ലാം അനുവദിക്കുന്നില്ല. സാധന-സേവനങ്ങളുടെ കൈമാറ്റത്തിനുള്ള ഉപാധി മാത്രമാണ് പണം. കറൻസിക്ക് സ്വന്തമായി യാതൊരു മൂല്യവുമില്ല. അതിനാൽ നിശ്ചിത ശതമാനം അധികം നൽകുകയെന്നത് നിരർഥമാണ്. വെറുതെ ബാങ്കിലിടുന്നതുകൊണ്ടോ മറ്റൊരാൾക്ക് കടം കൊടുക്കുന്നതുകൊണ്ടോ അധികം ലഭിക്കണമെന്നത് ന്യായീകരിക്കാവുന്നതല്ല.

''നിന്നോടൊപ്പമുള്ള എന്റെ ജനങ്ങളിൽ പാവപ്പെട്ടവന് കടം കൊടുത്താൽ ഉത്തമർണനെപ്പോലെ നീ പെരുമാറരുത്. അയാളോട് പലിശ വാങ്ങരുത്.'' (പഴയ നിയമം, പുറപ്പാട് അധ്യായം 22.)

''തിരിച്ചുകിട്ടും എന്ന് ഉറപ്പുള്ളവന് കടം കൊടുത്താൽ എന്തു മേന്മ? കൊടുത്തതിനൊപ്പം തിരിച്ചുകിട്ടുമെങ്കിൽ പാപികൾപോലും പാപികൾക്ക് കടം കൊടുക്കുന്നു. അതുകൊണ്ട് ശത്രുക്കളെ സ്നേഹിക്കുക. നന്മ ചെയ്യുക. തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ കടംകൊടുക്കുക. എങ്കിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.'' (പുതിയ നിയമം ലൂക്കോസ് 6–ാം അധ്യായം)

## പലിശയും സമ്പാദ്യവും

പലിശയെ വ്യാപാരവത്ക്കരിച്ചു കാണാവതല്ല. വ്യാപാരത്തിലേർപ്പെടുന്നത് തികച്ചും അനുവദനീയമാണ്. അതിലൂടെ ലാഭം നേടുന്നത് പലിശയുടെ രീതിയിലൂടെയല്ല, അധ്വാനത്തിലൂടെയാണ്. പലിശയുടെ ലാഭം നേടുന്നതിൽ അധ്വാനം തീരെയില്ല. ഈ രീതി ഖുർആൻ അനുവദിക്കുന്നില്ല. അതിനാലാണ് പലിശ വാങ്ങുന്നവനെയും കൊടുക്കുന്നവനെയും സാക്ഷികളെയും അത് രേഖപ്പെടുത്തുന്നവരെയും പ്രവാചകൻ(സ) ശപിച്ചത്. അത് ഒരു സമ്പാദ്യമാർഗമായി കാണരുത്. പകരം പണം വ്യാപാരത്തിൽ ഇറക്കുകയോ മറ്റുള്ളവരുമായി സഹകരിച്ച് വ്യവസായം തുടങ്ങുകയോ അത്തരം സംരംഭകരെ സഹായിക്കുകയോ ചെയ്തുകൊണ്ടാകണം സമ്പാദിക്കേണ്ടത്.

വ്യാപാരത്തിൽ ലാഭം ലഭിച്ചാൽ ആ ലാഭത്തിൽനിന്ന് വിഹിതം നൽകണം. അതാണ് ഖുർആൻ പ്രോത്സാഹിപ്പിക്കുന്ന രീതി. ഇത് മുതലാളിത്ത വ്യവസ്ഥയിൽനിന്ന് തികച്ചും ഭിന്നമാണ്. അത് മുതലുടമയുടെ പക്ഷത്തുനിന്നുകൊണ്ടാണ് എപ്പോഴും ചിന്തിക്കുന്നത്. പണം നൽകി സഹായിക്കുന്ന ധനോടമയെ അത് പരിഗണിക്കുന്നില്ല. അതിന്റെ സൂത്രം എപ്പോഴും ഇങ്ങനെയാണ്: ഭൗതിക സുഖലോലുപത + സ്വാർഥം = ചൂഷണം.

അതെയവസരം പലിശയോടുള്ള ഖുർആന്റെ കർക്കശനിലപാട് തെറ്റിധരിപ്പിക്കാനും ശ്രമങ്ങളുണ്ട്. സാമൂഹികപ്രധാനങ്ങളായ പല വ്യവസായങ്ങളും പദ്ധതികളും ആവിഷ്കരിക്കാനും വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനും മുതലാളിത്ത രാജ്യങ്ങൾക്ക് സാധിച്ചത് പലിശയുമായുള്ള സഹകരണം കൊണ്ടാണെന്നും അതാണ് ഭീമമായ മുതൽമുടക്ക് ആവശ്യമായ പദ്ധതികൾ പോലും തുടങ്ങാൻ തങ്ങൾക്ക് ധൈര്യമേകുന്നതെന്നും പറയുന്ന അതേ സ്വരത്തിൽതന്നെ പലിശയോടുള്ള അന്ധമായ വിരോധമാണ് മുസ്‌ലിംരാജ്യങ്ങളുടെ വ്യാവസായികപരാജയത്തിന് കാരണമെന്നും അവർ ആരോപിക്കാറുണ്ട്. പലിശമുക്തമായ പദ്ധതികളുടെയും വ്യവസായങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും വളർച്ചക്ക് ഇസ്‌ലാം ഏതെല്ലാം രീതികൾ സമർപ്പിക്കുന്നു, അതു മുഖേന അത് ലക്ഷ്യമാക്കുന്നതെന്ത് തുടങ്ങിയ ഇസ്‌ലാമിന്റെ സാമ്പത്തിക ദർശനങ്ങളെ സംബന്ധിച്ച വിവരമില്ലായ്മയാണ് ഈ ആരോപണത്തിന് പ്രചോദനം.

സാമ്പത്തികവികസനത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാന പ്രചോദനം പലിശയല്ലെന്ന് ഖുർആൻ ഊന്നിപ്പറഞ്ഞു. ക്രിയാത്മകങ്ങളായ വികസനപ്രവർത്തനങ്ങൾ പലിശയാൽ നടത്തപ്പെടേണ്ടതാണെന്ന കാഴ്ചപ്പാടും അതിനില്ല. പകരം, സഹകരണത്തിലും നീതിയിലും സദാചാരത്തിലും അധിഷ്ഠിതമായ ബദൽസംവിധാനം അത് മുന്നോട്ട് വെക്കുകയാണ് ചെയ്യുന്നത്.

## പലിശ: ഉടമയുടെ അവകാശം

പലിശ കൊടുക്കുന്നവന് മൂലധനത്തോടൊപ്പം വെറും കാലാവധിയുടെ ആനുകൂല്യം മാത്രമാണ് അവകാശമായി ലഭിക്കാനുള്ളത്. തന്നിൽ നിന്ന് കടം വാങ്ങിയ വ്യക്തിയുടെ ബിസിനസ്സ് ലാഭകരമായിരിക്കുമെന്ന ഉറപ്പ് അയാൾക്കില്ലതാനും. കച്ചവടം, കൃഷി, വ്യവസായം, തൊഴിൽ എന്നിവയിൽ മുതലിറക്കുവാനാണ് വാങ്ങിയതെന്നിരുന്നാലും, കാലാവധിയിൽ ലാഭത്തിന്നു സാധ്യതയുള്ളത്രതന്നെ നഷ്ടത്തിന്നും സാധ്യതയുണ്ട്. അതിനാൽ, പലിശ ഇടപാട് ഒന്നുകിൽ ഒരു വിഭാഗത്തിന്നു ലാഭവും മറ്റേ വിഭാഗത്തിന്നു നഷ്ടവുമായിരിക്കും; അല്ലെങ്കിൽ ഒരു വിഭാഗത്തിന്ന് ഉറച്ചതും നിർണിതവുമായ ലാഭവും, മറ്റേ വിഭാഗത്തിന്നു അനിശ്ചിതവും നിർണിതമല്ലാത്തതുമായ ലാഭവുമായിരിക്കും അതിൻെറ ഫലം. പലിശ ഇടപാടിൽ ധനം നൽകുന്നവൻ തൻെറ ധനത്തിന്നു തുടർച്ചയായി ലാഭം വസൂലാക്കിക്കൊണ്ടിരിക്കുന്നു. സമയത്തിൻെറ ഗതിക്കൊപ്പം അവൻെറ ലാഭവും വളർന്നുകൊണ്ടേപോകുന്നതാണ്. കടം വാങ്ങിയവൻ ആ ധനം വഴി എത്ര തന്നെ ലാഭമെടുത്താലും അതിൻെറ ഫലം എങ്ങനെയും ഒരു പ്രത്യേക പരിധിവരെ മാത്രമായിരിക്കും; നേരെ മറിച്ച് കടം കൊടുത്തവൻ അനുഭവിക്കുന്ന ഫലത്തിന് യാതൊരതിർത്തിയുമില്ല. കടം വാങ്ങിയവൻെറ മുഴുവൻ സമ്പാദ്യവും, മുഴുവൻ ജീവിത ഉപകരണങ്ങളും, ഒരുപക്ഷേ പലിശക്കാരൻ തട്ടിയെടുക്കുകയും, എന്നിട്ടും അവൻെറ പലിശാവകാശം അവശേഷിക്കുകയും ചെയ്തേക്കും. പലിശക്കാരൻ തൻെറ ആവശ്യത്തിൽ കൂടുതലുള്ള ധനം നൽകി യാതൊരുവിധ അധ്വാനവും ബുദ്ധിമുട്ടും കൂടാതെ അന്യരുടെ സമ്പാദ്യത്തിലെ മികച്ച പങ്കാളിയായിത്തീരുകയാണ് ചെയ്യുന്നത്. അവൻെറ നിലപാട് ലാഭത്തിലും നഷ്ടത്തിലും പങ്ക് വഹിക്കുകയും ലാഭത്തിലുള്ള പങ്ക് ലാഭത്തിൻെറ തോതനുസരിച്ചായിരിക്കുകയും ചെയ്യുന്ന സാങ്കേതികാർഥത്തിലുള്ള പങ്കുകാരൻേറതല്ല; ലാഭവും നഷ്ടവും നോക്കാതെ ലാഭത്തോത് പരിഗണിക്കാതെ തൻെറ നിശ്ചിത ലാഭത്തിനുവേണ്ടി വാദിക്കുന്ന പങ്കാളിയുടേതാണ്. ധാർമികമായി നോക്കുന്ന പക്ഷം, വ്യക്തികളിൽ ലുബ്ധത, സ്വാർഥം, കഠിന മനസ്കത, ദയയില്ലായ്മ, ധനപൂജ തുടങ്ങിയ ദുർഗുണങ്ങൾ സൃഷ്ടിച്ചുവിടുകയും അനുഭാവം, സഹാനുഭൂതി, പരസ്പരസഹായം എന്നിതുകളുടെ ചൈതന്യം തീരെ നശിപ്പിച്ചുകളയുകയും ചെയ്യുകയെന്നത് പലിശയുടെ സഹജമായ സ്വഭാവമാണ്. ഈ അടിസ്ഥാനത്തിൽ പലിശ സാമ്പത്തികമായും ധാർമികമായും മനുഷ്യവംശത്തിനു നാശഹേതുകമത്രെ.

## സാമ്പത്തിക തകർച്ച

ആഗോളവ്യാപകമായി നടക്കുന്ന ബിസിനസ്സുകളുടെ കണ്ണിയാണല്ലോ ബാങ്കുകൾ. പലിശയിൽ അധിഷ്ഠിതമായാണ് അവയൊക്കെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പലിശയും ഊഹക്കച്ചവടവും ആർത്തിയും കടംവിൽപനയുമെല്ലാം അതിന്റെ എടുത്തുപറയേണ്ട തകരാറുകളാണ്. ഇപ്പോ

ഴത്തെ സാമ്പത്തികപ്രതിസന്ധിയിലും ബാങ്കുകളുടെ തകർച്ചയിലും അവയുടെ സ്വാധീനം വലുതാണ്.

സാമ്പത്തികപ്രതിസന്ധിയിൽ പിടിച്ചുനിന്നത് ഇസ്‌ലാമികബാങ്കുകളാണ്. കാരണം സമ്പത്തിനെക്കുറിച്ചും അതിന്റെ ക്രയവിക്രയങ്ങളെക്കുറിച്ചും അതിന് ദൈവികമായ ഒരു സംസ്കാരമുണ്ട്. നേരത്തെ സൂചിപ്പിച്ച പലിശയുടെയും ഊഹക്കച്ചവടത്തിന്റെയും സബ്പ്രൈം കടങ്ങളുടെയുമൊക്കെ കാര്യത്തിൽ അതിന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. അതിനാൽ തന്നെയാണ് ഇസ്‌ലാമികസാമ്പത്തികക്രമത്തെക്കുറിച്ച് ചിന്തിക്കാനും പഠിക്കുവാനും ലോകരാജ്യങ്ങൾ മുന്നോട്ട് വന്നത്. ഇനി വരുന്നത് ഇസ്‌ലാമികബാങ്കുകളുടെ കാലഘട്ടമാണെന്ന് പറയാം. ലാഭനഷ്ടങ്ങൾക്കുപരി സാമ്പത്തികസദാചാരത്തിന്റെയും ധാർമികബോധത്തിന്റെയും സംതൃപ്തിയും വിശ്വാസ്യതയും ഇടപാടുകാർക്ക് സമർപ്പിക്കാൻ ഇസ്‌ലാമിക്ബാങ്കുകൾക്ക് സാധിക്കുന്നു എന്നതാണ് പ്രധാനം.

ഇസ്‌ലാമികസാമ്പത്തികശാസ്ത്ര പ്രകാരം പണം മുടക്കുന്നവനും ഉപയോഗിക്കുന്നവനും എല്ലാ അപായസാധ്യതകൾക്കും ലാഭനഷ്ടങ്ങൾക്കും തുല്യമായി ബാധ്യസ്ഥരാകുന്നു. ഇത് ബാങ്കിംഗ് സിസ്റ്റമായാലും അല്ലെങ്കിലും എല്ലാം തുല്യമാണ്. അവിടെ നിക്ഷേപകനും കടം വാങ്ങിയവനും ഒരുപോലെ ലാഭനഷ്ടം അനുഭവിക്കണം. ഇത് സാധാരണബാങ്കുകൾക്ക് ബാധകമല്ല. പലിശയിലധിഷ്ഠിതമായി കടം വാങ്ങുന്നവന്റെ ചുമലിലായിരിക്കും എല്ലാ ബാധ്യതയും ബാങ്കുകൾ കെട്ടിവെക്കുക. ലാഭമായാലും നഷ്ടമായാലും കടം വീട്ടാൻ കടം വാങ്ങിയവൻ നിർബന്ധിതനാകുന്നു. ഈ രീതി അനിസ്‌ലാമികവും മനുഷ്യത്വരഹിതസമീപനവുമാകുന്നു.